പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. T 3041

23.03.2015 - ൽ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ പലിശയിളവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽനിന്ന് വിദ്യാഭ്യാസ വായ്പാ പലിശയിളവിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; | (എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ബി.പി.എൽ. പലിശ സബ്സിഡി സ്കീം പ്രകാരം പാലക്കാട് ജില്ലയിൽ നിന്നും 200 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര അപേക്ഷകൾ ഇതുവരെ പരിഗണിച്ചു; എത്ര തുക പലിശ ഇളവിനായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 200 അപേക്ഷകളിൽ നിന്നും സാധുവായ 148 അപേക്ഷകൾ പരിഗണിച്ചിട്ടുള്ളതും ആയതിലേയ്ക്കായി 73,52,509/- രൂപ നൽകിയിട്ടുള്ളതുമാണ്. |
| (സി) | പലിശയിളവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ-യാണെന്ന് വ്യക്തമാക്കുമോ; | (സി) | 01.04.2004 മുതൽ 31.03.2009 കാലഘട്ടത്തിൽ എടുത്ത വിദ്യാഭ്യാസ വായ്പയ്ക്കുള്ള പലിശയിളവിന് സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2009-ലെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളിൽ നിന്നുള്ള തൊഴിൽരഹിതരായ യുവജനങ്ങൾ മാത്രമാണ് അർഹരായിട്ടുള്ളത്. |

ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും ഇൻഡ്യൻ ബാങ്കേഴ്സ് അസോസിയേഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് അനുവദനീയമായ കോഴ്സ് സ്വദേശത്ത് പഠിക്കുന്നതിന് വായ്പ എടുത്തവർ-ക്കാണ് പലിശയിളവിന് അർഹതയുളളത്.

പഠനം പൂർത്തിയാക്കി ഒരു വർഷം വരെയുള്ള പലിശയ്ക്കാണ് സബ്സിഡി നൽകുന്നത്.

വായ്പ തിരിച്ചടച്ച് അക്കൗണ്ട് ക്ലോസ് ചെയ്തവർക്ക് പലിശ സബ്സിഡിക്ക് അർഹതയുണ്ടാവില്ല.

വായ്പാ തുക ഭാഗികമായി തിരിച്ചടച്ചവർക്കും പലിശ സബ്സിഡി അനുവദനീയമാണ്.

വിദ്യാഭ്യാസ വായ്പയുടെ 31.03.2009 -നുശേഷം അനുവദിച്ചിട്ടുള്ള ഗഡുക്കൾക്ക് പലിശയിളവിന് അർഹതയുണ്ടാവില്ല.

(ഡി) ഈ ഇനത്തിൽ ജില്ലയ്ക്ക് ഇനിയും ആവശ്യമായ തുക എത്രയാണ്; ഇത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

(ഡി) സാധുവായ എല്ലാ കേസുകൾക്കും മുഴുവൻ തുകയും അനുവദിച്ചിട്ടുളള-തിനാൽ ഇനിയും തുക ആവശ്യമില്ല.

സെക്ഷൻ ഓഫീസർ